GOVT. BRENNEN COLLEGE CENTRAL LIBRARY THALASSERY

**K15U 0543**

Reg. No.: ..............................

Name : ..............................

# I Semester B.A. Degree (CCSS – Reg./Supple./Improve.) Examination, November 2015
## Complementary Course in Malayalam
## 1C 01 MAL : മലയാള സാഹിത്യചരിത്രം (Part – I)
## (2014 Admn. Onwards)

Time : 3 Hours　　　　　　　　　　　　　　　　　　　　　　Max. Marks : 40

I. **300** വാക്കിൽ കവിയാതെ ഏതെങ്കിലും **രണ്ടു** ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

1) ലീലാതിലകത്തിൽ പാട്ടിനു നൽകിയിരിക്കുന്ന ലക്ഷണം പൂർണ്ണമായി യോജിക്കുന്ന കൃതിയാണ് രാമചരിതം – പരിശോധിക്കുക.

2) 'ഭാഷാമിശ്രമെന്നികഴാതെ' എന്ന് കണ്ണശ്ശന്മാർ നടത്തുന്ന പരാമർശം വിലയിരുത്തുക.

3) ''എഴുത്തച്ഛൻ കൃതികളിലെ ഭക്തി ചെറുശ്ശേരിയുടെ ഭക്തിയേക്കാൾ ഗൗരവ പൂർണ്ണമാണ് '' എന്നു പറയാനുള്ള കാരണം ചർച്ച ചെയ്യുക.

4) ആട്ടക്കഥാസാഹിത്യത്തെക്കുറിച്ച് ഉപന്യസിക്കുക.　　　　　　　　**(2×7=14)**

II. **നൂറ്റമ്പതു** വാക്കിൽ കവിയാതെ **ആറു** ചോദ്യങ്ങളിൽ **നാലെണ്ണ**ത്തിന് ഉത്തരമെഴുതുക.

5) പാട്ടിന്റെ ലക്ഷണമെഴുതി വിശദീകരിക്കുക.

6) നിരണം കൃതികളിലെ ഭാഷാപരമായ സവിശേഷതകൾ വിശദീകരിക്കുക.

7) മലയാളത്തിലെ ആദ്യത്തെ മഹാകാവ്യം എന്ന വിശേഷണം കൃഷ്ണഗാഥക്ക് എത്രത്തോളം ചേരുമെന്ന് പരിശോധിക്കുക.

8) ലീലാതിലകത്തിന് മലയാള നിരൂപണത്തിലും ഭാഷാപഠനത്തിലുമുള്ള പ്രാധാന്യമെന്ത് ?

9) മലയാള ഗദ്യത്തിന്റെ ആദ്യകാല ഉദാഹരണങ്ങൾ വിശദീകരിക്കുക.

10) 'ഭക്തിയുടെ ബാഹ്യപരിവേഷങ്ങളേക്കാൾ ആത്മാവിൽ നിറഞ്ഞ ഭക്തിയാണ് പൂന്താനത്തിന്റേത് '– ജ്ഞാനപ്പാനയെ മുൻനിർത്തി വിശദീകരിക്കുക.　　**(4×3=12)**

P.T.O.

III. **നൂറു** വാക്കിൽ കവിയാതെ **ആറു** ചോദ്യങ്ങളിൽ **നാലെണ്ണ**ത്തിന് ഉത്തരമെഴുതുക.

11) നമ്പ്യാർ കൃതികളുടെ ജനകീയതക്ക് ആധാരമായ ഘടകങ്ങൾ എന്തെല്ലാം ?

12) ശാസന ഭാഷക്ക് ഭാഷാചരിത്രപഠനത്തിലുള്ള പ്രസക്തിയെന്ത് ?

13) 'ഉണ്ണിയച്ചീചരിത'ത്തെക്കുറിച്ച് കുറിപ്പെഴുതുക.

14) 'നളചരിത'ത്തിന് ആട്ടക്കഥാസാഹിത്യത്തിലുള്ള പ്രാധാന്യമെന്ത് ?

15) വഞ്ചിപ്പാട്ട് എന്നതിനെ കാവ്യപ്രസ്ഥാനപദവിയിലേക്കുയർത്തിയ കവിയാണ് രാമപുരത്തു വാര്യർ – ശരിയോ ?

16) മഹിളാളി മഹാസ്പദമെന്ന് മണിപ്രവാളത്തെ വിളിക്കാനുള്ള കാരണമെന്ത് ?

**(4×2=8)**

IV. **ഒറ്റ**വാക്കിലെ വാക്യത്തിലോ ഏതെങ്കിലും **ആറ്** ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

17) രാമചരിതത്തെക്കൂടാതെ ലഭ്യമായ ലക്ഷണമൊത്ത പാട്ടുകൃതിയേത് ?

18) 'രാമനാട്ടം' ആവിഷ്കരിച്ച രാജാവാര് ?

19) ''നൈഷധം ചമ്പു''വിന്റെ കർത്താവാര് ?

20) മണിപ്രവാളത്തിന്റെ ലക്ഷണമെഴുതുക.

21) ഭാരതമാലയുടെ കർത്താവാര് ?

22) ദാമോദരച്ചാക്യാർ രചിച്ച ചമ്പൂകാവ്യം ഏത് ?

23) 'മുണ്ടക്കൽ സന്ദേശം ഒരു മുഴുത്ത ചിരി' എന്നെഴുതിയതാര് ?

24) കൃഷ്ണഗാഥയുടെ ദുർബ്ബലാനുകരണമായി കരുതാവുന്ന മറ്റൊരു ഗാഥയേത് ?

**(6×1=6)**

---